(ബി) ഏതെല്ലാം വകുപ്പുകൾ ഭാഗികമായി കമ്പ്യൂട്ടറൈസ് ചെയ്തു;

(സി) കമ്പ്യൂട്ടറൈസ് ചെയ്ത ഓഫീസുകൾ അത് പ്രയോജനപ്പെടുത്തുന്നുണ്ടോ;

(ഡി) കമ്പ്യൂട്ടറൈസ് ചെയ്ത ഓഫീസുകൾക്ക് ഇന്റർനെറ്റ് ബന്ധവും വെബ്സൈറ്റുമുണ്ടോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തു.

(ബി) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും സംസ്ഥാനത്തെ രജിസ്ട്രേഷൻ, ട്രഷറി, റവന്യൂ, തൊഴിൽ തുടങ്ങിയ വകുപ്പുകളും ഭാഗികമായി കമ്പ്യൂട്ടറൈസ് ചെയ്തു. പൂർണ്ണമായ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പ്രയോജനപ്പെടുത്തുന്നുണ്ട്.

(ഡി) എല്ലാ ഓഫീസുകളിലും ഇൻറർനെറ്റ് ബന്ധവും വെബ്സൈറ്റും ലഭ്യമായിട്ടില്ല. എന്നാൽ സംസ്ഥാന സെക്രട്ടേറിയറ്റിലും ജില്ലാ കളക്ടറേറ്റുകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൂർണ്ണമായ വിവരം ശേഖരിച്ചുനൽകുന്നതാണ്.

സർക്കാർ വകുപ്പുകൾക്ക് ഇന്റർനെറ്റ് കണക്ഷൻ

8 [2657] ശ്രീ. കെ. മുഹമ്മദാലി:
,, എം. മുരളി:
,, ഇ. എം. അഗസ്തി:
,, എൻ. ഡി. അപ്പച്ചൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ ഏതെല്ലാം വകുപ്പുകൾക്ക് ഇന്റർനെറ്റ് സൗകര്യമുണ്ട്;

(ബി) ഏതെല്ലാം വകുപ്പുകളിൽ ഇന്റർനെറ്റ് ബന്ധം സ്ഥാപിക്കാൻ ബാക്കിയുണ്ട്;

(സി) ഈ വകുപ്പുകളിൽ ഇന്റർനെറ്റ് ബന്ധം സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ എന്നേയ്ക്ക് സ്ഥാപിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന സെക്രട്ടേറിയറ്റിലും ജില്ലാ കളക്ടറേറ്റുകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇന്റർനെറ്റ് ബന്ധം സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ട്. ഇതു പ്രാവർത്തികമാക്കുന്ന തീയതി തീരുമാനമായിട്ടില്ല.

കമ്പ്യൂട്ടർ വാങ്ങുന്നതിനായി വായ്പ

9 [2658] ശ്രീ. കെ. സി. ജോസഫ്:
,, തമ്പാനൂർ രവി:
,, കെ. മുഹമ്മദാലി:
,, ഡി. സുഗതൻ:
,, ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനങ്ങളിൽ ഒട്ടാകെ എത്ര കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ കമ്പനികൾക്ക് കമ്പ്യൂട്ടർ വാങ്ങാൻ കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുവാനുള്ള സൗകര്യങ്ങളുണ്ടോ;

(സി) കമ്പ്യൂട്ടർ വാങ്ങുന്നതിന് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ബാങ്കുകൾക്ക് പദ്ധതിയുണ്ടോ;

(ഡി) കമ്പ്യൂട്ടർ വാങ്ങുവാൻ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകണമെന്ന് ഫൈനാൻസിംഗ് ഏജൻസികളോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ ലോൺ കുറഞ്ഞ പലിശയ്ക്ക് കൊടുക്കുവാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ തലത്തിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

2002-ലെ ചുമട്ടുതൊഴിലാളി ഭേദഗതി നിയമം നടപ്പിലാക്കാൻ നടപടി

10 [2660] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറ്റിറക്ക് മേഖലയുമായി ബന്ധപ്പെട്ട 2002-ലെ ചുമട്ടുതൊഴിലാളി ഭേദഗതി നിയമം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly